## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 3718 — 26.06.2012 -ൽ മറുപടിയ്ക്ക്

### കൈത്തറി മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ ( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കുമ്പോൾ കേരളത്തിലെ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പരിശോധനയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) & (സി) | ഈ പാക്കേജ് പ്രകാരം വയബിൾ/പൊട്ടൻഷ്യലി വയബിൾ സംഘങ്ങൾക്ക് മാത്രമാണ് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. മിക്ക കൈത്തറി സംഘങ്ങളും വയബിൾ/പൊട്ടൻഷ്യലി വയബിൾ കാറ്റഗറിയിൽ ഉൾപ്പെടുകയില്ല. ആയതിനാൽ പൊട്ടൻഷ്യലി വയബിൾ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിലുള്ള മാനദണ്ഡം സംഘങ്ങൾക്ക് ഗുണകരമാകത്തക്ക വിധത്തിൽ മാറ്റം വരുത്തുകയും, നെറ്റ് വർത്ത് പോസിറ്റീവ് ആകണമെന്ന നിബന്ധന ഒഴിവാക്കുകയോ, അയവ് വരുത്തുകയോ ചെയ്യുക, ഹാന്റക്സ് പോലുള്ള അപ്പക്സ് സംഘങ്ങളെ ഈ മാനദണ്ഡങ്ങളിൽ നിന്ന് ഒഴിവാക്കുക തുടങ്ങിയ പ്രൊപ്പോസലുകൾ NIMRC, SIMRC തുടങ്ങിയ കമ്മിറ്റിയുടെ |

| | | |
|---|---|---|
| (സി) | ഈ പാക്കേജ് പ്രകാരം 31/3/2012-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നെറ്റ്‌വർത്ത് പോസിറ്റീവ് ആയിരിക്കണമെന്നും, അഞ്ച് വർഷത്തിൽ ഒരു വർഷമെങ്കിലും പ്രവർത്തന ലാഭം ഉള്ളവയായിരിക്കണമെന്നുമുള്ള നിബന്ധനകൾ എടുത്തു കളയാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | ശ്രദ്ധയിൽ കൊണ്ട് വരികയും, ഭേദഗതികൾ അംഗീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൻമേൽ അന്തിമ തിരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ